# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

എ.ഡി.ബി. വായ്പാ സഹായത്തോടെ പദ്ധതികൾ

6070 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുമായും കോർപ്പറേഷനുകളുമായും ബന്ധപ്പെട്ട് എ.ഡി.ബി. വായ്പാ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ എ.ഡി.ബി. സംഘം സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മുനിസിപ്പാലിറ്റികളുമായും കോർപ്പറേഷനുകളുമായും ബന്ധപ്പെട്ട് എ.ഡി.ബി. സഹായത്തോടെ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ജെ. എൻ. എൻ. യു. ആർ.എം പദ്ധതികൾ

6071 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്
,, സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. എൻ. എൻ. യു. ആർ.എം പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്;

(സി) പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**10.07.2012-ലെ മറുപടിക്ക്**

<u>കെട്ടിട നികുതി - പുനർനിർണ്ണയം</u>

6072 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി നിർണയം നടത്തുന്നതിനായി തയ്യാർ ചെയ്തിട്ടുള്ള ചോദ്യാവലി ദുർഗ്രഹവും സങ്കീർണവും സാധാരണക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമേറിയതുമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ചോദ്യാവലി പൂരിപ്പിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിൽ ഏൽപിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നുവരെയാണെന്ന് അറിയിക്കുമോ;

(സി) നികുതി പുനർനിർണയത്തിലൂടെ കെട്ടിടനികുതിയിൽ ശരാശരി എത്ര രൂപയുടെ വർദ്ധനവുണ്ടാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>വ്യാവസായികേതര കെട്ടിടനിര്‍മ്മാണത്തിന് ഇളവുകള്‍</u>

6073 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെട്ടിട നിര്‍മ്മാണ ചട്ടങ്ങള്‍ പരിഷ്കരിക്കുമ്പോള്‍ വ്യാവസായികേതര കെട്ടിട നിര്‍മ്മാണങ്ങള്‍ക്ക് ഇളവുകള്‍ നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള കെട്ടിടം പൊതു അതിര്‍ത്തിയില്‍ നിന്ന് പാലിച്ച അകലം മാത്രമേ പുതുതായി നിര്‍മ്മിക്കുന്ന കെട്ടിടവും പാലിക്കേണ്ടതുള്ളു എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കില്‍ ഈ വ്യവസ്ഥ ചട്ടങ്ങളില്‍ ഉള്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികളിലെ സ്റ്റാഫ് പാറ്റേൺ

6074 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ജനന സർട്ടിഫിക്കറ്റിലെ തെറ്റുതിരുത്തൽ</u>

6075 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തുന്നതിന് തിരുവനന്തപുരം ജനന മരണ രജിസ്ട്രാർക്ക് 19-10-2011-ലെ 140037-ാം നമ്പർ രസീത് പ്രകാരമുളള അപേക്ഷ ലഭിച്ചിട്ടുണ്ടായിരുന്നോ;

(ബി) പ്രസ്തുത അപേക്ഷയുടെ പൂർണ്ണമായ കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ പാർക്കിംഗ് സൗകര്യങ്ങൾ</u>

6076 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ തിരക്കും ഗതാഗതക്കുരുക്കും അനുദിനം വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യങ്ങൾ മെച്ച്പ്പെടുത്തുന്നതിനായി സ്വകാര്യ മേഖലയെ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) നഗരങ്ങളിലെ സർക്കാർ ഭൂമിയിൽ ബഹുനില പാർക്കിംഗ് സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ വാഹന പാർക്കിംഗ്</u>

6077 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വാഹന പാർക്കിംഗ് ഉണ്ടാക്കുന്ന പ്രയാസങ്ങളും പാർക്കിങ്ങിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും നിർമ്മാണ അനുമതി നൽകുമ്പോൾ തന്നെ അവിടെ എത്തുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ കൂടി പരിശോധനാ വിഷയമാക്കുമോ;

(സി) ഓൺ റോഡ് പാർക്കിംഗ് പൂർണ്ണമായും ഒഴിവാക്കുമോ;

(ഡി) ഇതിനായി ബഹുനില പാർക്കിംങ് സംവിധാനങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ഏർപ്പെടുത്തുമോ;

(ഇ) സമീപപ്രദേശങ്ങളിൽ നിന്ന് വാഹനങ്ങൾ നഗരങ്ങളിൽ പ്രവേശിച്ച് ഉണ്ടാകുന്ന ഗതാഗത തിരക്കും പാർക്കിംഗ് പ്രശ്നങ്ങളും ഒഴിവാക്കുവാൻ നഗര പ്രാന്തങ്ങളിൽ വൻകിട പാർക്കിംഗ് സ്ഥലങ്ങളും ഇത്തരം വാഹനങ്ങളുടെ നഗര പ്രവേശനത്തിന് ഫീസും ഏർപ്പെടുത്തുമോ;

(എഫ്) ഇതിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് നഗരപ്രാന്തങ്ങളിലെ പാർക്കിംഗ് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്ക് ലോ ഫ്ളോർ ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കോര്‍പ്പറേഷനിലെ താല്‍ക്കാലിക നിയമനങ്ങള്‍</u>

6078 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോര്‍പ്പറേഷന്‍ കൗണ്‍സിലുകളില്‍ നിയമിക്കപ്പെടുന്ന കോണ്‍ട്രാക്ട് താല്‍ക്കാലിക ദിവസവേതനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കോര്‍പ്പറേഷന്‍ കൗണ്‍സിലുകള്‍ക്ക് അധികാരമുണ്ടോ ;

(ബി) തിരുവനന്തപുരം കോര്‍പ്പറേഷനില്‍ കഴിഞ്ഞ 10 വര്‍ഷത്തിനിടെ ഓരോ കൗണ്‍സിലിന്റെ കാലഘട്ടത്തിലും എത്രപേരെ വീതം നേരിട്ട് ഇപ്രകാരം നിയമിച്ചിട്ടുണ്ട് ; അത്തരം നിയമനം ലഭിച്ച എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദവിവരം നല്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

താഴത്തങ്ങാടി ഓട വൃത്തിയാക്കുന്നതിനും വീടു പണിയുന്നതിനും സഹായം

6079 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിൽ സ്ഥിരമായി മലിനജലമൊഴുകുന്ന താഴത്തങ്ങാടിയിലെ ഓടകൾ വൃത്തിയാക്കാൻ സാധാരണ മുനിസിപ്പാലിറ്റികൾക്ക് അനുവദിക്കുന്ന സഹായത്തിനു പുറമേ പ്രത്യേക സഹായം അനുവദിക്കുമോ;

(ബി) വടകര മണ്ഡലത്തിൽ ശുചീകരണ ജോലിയിലേർപ്പെട്ടവർക്ക് നൽകിയ കോളനിയിലെ വീടുകൾ പലതും ഇപ്പോൾ തകർന്ന നിലയിലായതിനാൽ അവ അടിയന്തിരമായി പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

## കോർപ്പറേഷനുകളുടെ പദ്ധതിവിഹിതം

6080 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ സംസ്ഥാനത്തെ ഏതെല്ലാം കോർപ്പറേഷനുകളാണ് പദ്ധതി വിഹിതത്തിന്റെ 60% ത്തിൽ താഴെ തുക ചെലവഴിച്ചത്;

(ബി) പ്രസ്തുത കോർപ്പറേഷനുകളുടെ 2012-13 ലെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ കോർപ്പറേഷനുമുണ്ടായിരുന്ന വിഹിത്തിൽനിന്നും എന്തു തുക വെട്ടിക്കുറച്ചിട്ടുണ്ട്;

(ഡി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ്
ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

"അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി"

6081 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായുള്ള "അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി"യ്ക്ക് എന്നാണ് തുടക്കമിട്ടത്; തുടക്കത്തിൽ ഏതെല്ലാം നഗരസഭകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തൊഴിലുറപ്പു പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി നിലവിൽ എവിടെയെല്ലാം നടപ്പിലാക്കി വരുന്നുണ്ട്;

(ഡി) 2012-13 വർഷത്തിൽ എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്;

(ഇ) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ല്യമാക്കാമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>കോർപ്പറേഷനിൽ കൗൺസിലർമാരെ ആക്രമിച്ച സംഭവം</u>

6082 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ സത്യാഗ്രഹം നടത്തിയ കൗൺസിലർമാരെ ജീവനക്കാർ കയ്യേറ്റം ചെയ്ത സംഭവത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) സംഭവത്തിൽ ഏതെങ്കിലും സംഘടനയിലെ അംഗങ്ങൾ നിയമം കയ്യിലെടുത്തതായി അറിവുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ ക്രിമിനൽ നിയമ പ്രകാരവും വകുപ്പുതലത്തിലും കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

# 10.07.2012-ലെ മറുപടിക്ക്

<u>നഗരസഭയിൽ കൗൺസിലർമാരെ കയ്യേറ്റം ചെയ്ത സംഭവം</u>

6083 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരസഭയിൽ കൗൺസിലർമാരെ കയ്യേറ്റം ചെയ്ത സംഭവത്തിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഓരോരുത്തർക്കുമെതിരെ സ്വീകരിച്ച നടപടിയെന്താണെന്ന് വിശദമാക്കുമോ;

(ബി) എത്ര മണിക്ക് പ്രസ്തുത സംഭവം നടന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; സസ്പെന്റ് ചെയ്ത ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ;

(ഡി) തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആരെയൊക്കെ തിരിച്ചെടുത്തു എന്നും എന്തടിസ്ഥാനത്തിലാണ് തിരിച്ചെടുത്തതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

മാലിന്യ സംസ്ക്കരണം- പാഠ്യവിഷയം

6084

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂന പക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയ പങ്കാളിത്തത്തോടെ മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഒരു ബഹുമുഖ പദ്ധതി നടപ്പിലാക്കുമോ;

(ബി) മാലിന്യ സംസ്ക്കരണം ഒരു വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(സി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ടാറിംഗിന് ഉപയോഗപ്പെടുത്തുന്ന പദ്ധതി വ്യപകമാക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

ചെറുകിട നഗരങ്ങളിലെ മാലിന്യ സംസ്ക്കരണം

6085 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആയതിനായി ചെറുകിട സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ</u>

6086 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളിയിൽ പ്ലാസ്റ്റിക് മാലിന്യം റീസൈക്കിൾ ചെയ്യാൻ പദ്ധതി</u>

6087 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ പ്ലാസ്റ്റിക് മാലിനൃങ്ങൾ റീസൈക്കിൾ ചെയ്ത് പുനരുപയോഗം നടത്തുന്ന പദ്ധതിനടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ നഗരസഭയുടെ മാലിന്യനിർമ്മാർജ്ജനം</u>

6088 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ നഗരസഭയ്ക്ക് മാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം ; ആയതിന്റെ സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ടോയ്ലറ്റ് മാലിന്യ സംസ്കരണം</u>

6089 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ടോയ്ലറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടോയ്ലറ്റ് മാലിന്യസംസ്കരണത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് എന്ന പരസ്യം നൽകി ഇത്തരം ജോലികൾ ഏറ്റെടുക്കുന്നവർ മാലിന്യം എവിടെയാണ് കളയുന്നതെന്ന് പരിശോധിക്കാറുണ്ടോ;

(ഡി) ടോയ്ലറ്റ് മാലിന്യസംസ്കരണത്തിന് വിദേശങ്ങളിലെ പോലെ സംസ്ഥാനത്ത് നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ഓടകളിലേയ്ക്ക് മാലിന്യമൊഴുക്കുന്ന സ്ഥാപനങ്ങൾ</u>

6090

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂന പക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഓടകളിലേയ്ക്ക് മാലിന്യവാഹിനി കുഴലുകൾ തുറക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നഗരങ്ങളിൽ മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കാതെ ഉപേക്ഷിക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ പ്ലാന്റ്</u>

6091 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണപ്ലാന്റ് അടിയന്തിരമായി പ്രവർത്തിപ്പിക്കണമെന്നു നിർദ്ദേശിച്ചു കൊണ്ട് ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിച്ച വിധികൾ എന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത വിധികൾ സമയബന്ധിതമായി നടപ്പിലാക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നതു കാരണം എന്തെങ്കിലും കോടതി അലക്ഷ്യ നടപടി നേരിടുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം കോർപ്പറേഷൻ ചെലവാക്കിയ തുക</u>

6092 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ 2005-06 വർഷം മുതൽ നഗരത്തിലെ റോഡ്, ഓട, പാലം, കുളം എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ഓരോ വർഷവും എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ മഴക്കാലവർഷ ശുചീകരണത്തിനും അനുബന്ധമായ ജോലികൾക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

തമ്പാനൂരിൽ നടപ്പാലം നിർമ്മാണം

6093 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനും, ബസ് സ്റ്റേഷനും ഇടയിലുള്ള റോഡിലെ വാഹനങ്ങളുടെയും യാത്രക്കാരുടേയും തിരക്കും നിരന്തരമായുണ്ടാകുന്ന അപകടങ്ങളും പരിഗണിച്ച് പ്രസ്തുത ബസ് സ്റ്റേഷനെയും, റെയിൽവേ സ്റ്റേഷനെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു നടപ്പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>നടപ്പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി</u>

6094 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യത്തിന്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ റോഡു വികസനം, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധന എന്നിവ മൂലം കാൽ നട യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരിക്കാൻ തിരക്കുള്ള പ്രധാന ജംഗ്ഷനുകളിൽ നടപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ നഗരത്തിന്റെ മാസ്റ്റർ പ്ലാൻ</u>

6095 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയായി;

(സി) പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ട്</u>

6096 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിന്റെ ഘടനയും രൂപവും വിശദമാക്കാമോ ; പ്രസ്തുത ഫണ്ട് രൂപീകരിക്കുന്നത് എ. ഡി. ബി. വ്യവസ്ഥകൾ അനുസരിച്ചാണോ ;

(ബി) എ. ഡി. ബി. ഈ ഫണ്ട് നടത്തിപ്പിനായി മുന്നോട്ട് വെച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(സി) എ. ഡി. ബി. മുന്നോട്ട് വെച്ചിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ജനാധിപത്യ സാമൂഹിക സാമ്പത്തിക താൽപര്യങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടുന്നുണ്ട്?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>അങ്കമാലി - പുറമ്പോക്ക് ഭൂമി പതിച്ചു നൽകാനുള്ള അപേക്ഷ</u>

6097

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വില്ലേജിലെ റീസർവ്വെ ബ്ലോക്ക് 11 സർവ്വെ 403/1ൽ പ്പെട്ട റോഡ് പുറമ്പോക്ക് ഭൂമി പതിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് ഓടത്തുംപറമ്പിൽ ജോർജ്ജും വേറോനിക്ക ജോർജ്ജും മറ്റുള്ളവരും ചേർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഫയർ നമ്പർ 68596/ആർ.സി.4/2008/തസ്വ.ഭവ. നടപടി സ്വീകരിക്കുന്നതിലെ താലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കുള്ള ഭൂമി എന്ന് പതിച്ച് നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

<u>മുസ്ലീം മതവിഭാഗത്തിനു വേണ്ടിയുള്ള പദ്ധതികൾ</u>

6098 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്ക് അർഹത ഏതെല്ലാം മതവിഭാഗത്തിൽപെട്ടവർക്കാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ മുസ്ലീം മത വിഭാഗത്തിന് വേണ്ടി മാത്രമായി മദ്രസാ നവീകരണ പദ്ധതിയല്ലാതെ ഏതെല്ലാം പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ</u>

6099 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിനായി ഇതുവരെ സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സച്ചാർ കമ്മിറ്റി ഏതു വിഭാഗം ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(സി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ എത്ര ബ്ലോക്കുകളെയാണ് ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളായി കണ്ടെത്തിയത്;

(ഡി) 10 ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ഉറുദു ഐ. ടി. ഐ. കൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന് ലിസ്റ്റ് നൽകിയിരുന്നുവോ;

(ഇ) പ്രസ്തുത ബ്ലോക്കുകൾ ഏതെല്ലാമാണ്;

(എഫ്) ഈ ഐ. ടി. ഐ. കൾ എന്ന് സ്ഥാപിക്കാൻ സാധിക്കും;

(ജി) കൂടുതൽ ബ്ലോക്കുകളെ ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളാക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ പുതുതായി ഉൾപ്പെടുത്തിയ ബ്ലോക്കുകൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരുടെ നിയമനം</u>

6100 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂന പക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പ്രമോട്ടർമാരെ നിയമിക്കുന്നതിന് അനുമതി കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവരെ നിയമിക്കുന്നതിന്റെ മാനദ്ണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവർ പ്രവർത്തിക്കുന്നത് ആരുടെ നിയന്ത്രണത്തിലാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.07.2012-ലെ മറുപടിക്ക്

ന്യൂനപക്ഷ ക്ഷേമവകുപ്പിൽ പ്രൊമോട്ടർമാർ

6101 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രേരക്മാരെ നിയമിക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വിശദീകരിക്കാമോ ;

(ബി) ന്യൂന പക്ഷ ക്ഷേമ പ്രമോട്ടർമാരെ നിയമിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 10.07.2012-ലെ മറുപടിക്ക്

വടകര മുനിസിപ്പാലിറ്റിയിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

6102 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും**
**ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വടകര മുനിസിപ്പാലിറ്റിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?